പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5160 26.03.2018-ൽ മറുപടിക്ക്

## ടോൾ പിരിവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ഏതെല്ലാം പാതകളിലാണ് ഇപ്പോൾ ടോൾ പിരിവ് നടന്നുവരുന്നത്; ടോൾ പിരിവ് നടത്തുന്ന കമ്പനികൾ ഏതെല്ലാമാണെന്നും ടോൾ പിരിവിന്റെ കാലാവധി എന്ന് അവസാനിക്കും എന്നുമുള്ള വിശദവിവരം നൽകുമോ; | (എ) നിലവിൽ പൊതുമരാമത്ത് വകുപ്പിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ പാതകളിലൊന്നും തന്നെ ടോൾ പിരിവ് നടത്തുന്നില്ല. പാലങ്ങളുടെ ടോൾ പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br>i. കോട്ടയം ജില്ലയിലെ മുറിഞ്ഞപുഴ പാലത്തിന്റെ ടോൾ പിരിവ് പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് നടത്തുന്നത്. നിർമ്മാണത്തുക പിരിഞ്ഞുകിട്ടുന്നതുവരെയാണ് ടോൾ പിരിവിന്റെ കാലാവധി.<br>ii. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം - മായന്നൂർ - പഴയന്നൂർ -കൊണ്ടായി റോഡിൽ മായന്നൂർ പാലത്തിന്റെ ടോൾ പിരിവിനുള്ള ടെണ്ടറിലും ക്വട്ടേഷനിലും ആരും പങ്കെടുക്കാത്തതിനാൽ ടോൾ പിരിവ് നടക്കുന്നില്ല. ആർ.ബി.ഡി.സി.കെ നിർമ്മിച്ച കടുക്കാംകുന്നം പുലാമന്തോൾ എന്നീ പാലങ്ങളിൽ ആർ.ബി.ഡി.സി.കെ തന്നെ ടോൾ പിരിവ് നടത്തി വരുന്നുണ്ട്.<br>iii. മലപ്പുറം ജില്ലയിലെ തിരൂർ - കടലുണ്ടി റോഡിലെ കടലുണ്ടിക്കടവ് പാലത്തിന്റെ ടോൾ പിരിവിന് പുതിയ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് നേരിട്ട് ടോൾ പിരിക്കുന്നുണ്ട്.<br>iv. കണ്ണൂർ ജില്ലയിലെ പയ്യട്ടം - ഇരിണാവ് - മാടക്കര റോഡിൽ മാട്ടൂൽ മാടക്കര പാലത്തിന്റെ ടോൾ പിരിവ് ശ്രീ. ഇ.വി. ചാക്കോ, ഉളിക്കൽ പോസ്റ്റ്, കണ്ണൂർ എന്നയാൾ മുഖാന്തിരം പിരിക്കുന്നുണ്ട്.<br><br>ദേശീയപാതകളിൽ 100 കോടി രൂപയിലധികം ചെലവിൽ വികസനപ്രവർത്തനം നടത്തുമ്പോൾ യൂസർഫീ ബാധകമാണ്. യൂസർഫീ കേന്ദ്ര മന്ത്രാലയത്തിന്റെ ടോൾ ആക്ട് പ്രകാരമാണ് വസൂലാക്കുന്നത്. |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പാതകൾക്ക് കാലാവധി കഴിഞ്ഞിട്ടും ടോൾപിരിവ് നീട്ടി നൽകിയിട്ടുണ്ട്;

(സി) കാലാവധി കഴിഞ്ഞ ടോൾ പിരിവുകൾ അവസാനിപ്പിക്കുവാൻ ശക്തമായ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

(ബി) യും (സി) യും — ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലാവധി കഴിഞ്ഞ പാതകൾക്ക് ടോൾ പിരിവ് നീട്ടി നൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ടോൾ പിരിവ് നിർത്തലാക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

സെക്ഷൻ ഓഫീസർ